# SRMGHSS RAMNAGAR

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



# ഉള്ളടക്കം


- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ച്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ– വിവിധ ഘട്ടങ്ങൾ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ–ഒറ്റ നോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ

  (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം )
- പ്രതീക്ഷിത നേട്ടങ്ങൾ

## ➢ ആമുഖം

സപ്തഭാഷാസംഗമഭൂമിയായ കാസറഗോഡ് ജില്ലയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ഏഴരപതിറ്റാണ്ട് പൂർത്തിയാക്കിയ ഒരു വിദ്യാലയമാണ് രാമനഗരം സ്വാമി രാംദാസ് മെമ്മോറിയൽ ഗവ: ഹയർസെക്കണ്ടറി സ്കൂൾ. ഇന്ന് പ്രീപ്രൈമറി മുതൽ പ്ലസ് ടു വരെ 600 കുട്ടികളും 33 സ്ഥിരം അധ്യാപകരും 6 അനധ്യാപകരും ജോലിചെയ്യുന്നു. ഒന്നാം ക്ലാസ്സുമുതൽ 20 ക്ലാസ്സുകൾ നിലവിലുണ്ട്.

തുടർച്ചയായ വർഷങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ സാധിച്ചിട്ടുണ്ട്. എൽ.എസ്.എസ്, യു.എസ്. എസ്, എൻ.എം.എം.എസ്, ഇൻസ്പെയർ സ്കോളർഷിപ്പ് പരീക്ഷയിലും സമാന സർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ ബഹുദൂരം മുന്നിലാണ്.

സബ് ജില്ലാ–ജില്ലാ–സംസ്ഥാന മേളകളിലും കലോത്സവങ്ങളിലും കായിക ഇനങ്ങളിലും സ്കൂൾ ഇതിനകം നിരവധിതവണ മികവു തെളിയിച്ചിട്ടുണ്ട്.രാഷ്ട്രീയ സാമൂഹിക സാംസ്കാരിക, കായിക രംഗങ്ങളിൽ സാന്നിദ്ധ്യമറിയിച്ച നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

# എസ് ആർ എം ജി എച്ച് എസ് എസ് രാംനഗർ

## ➢ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : എസ് ആർഎം ജി എച്ച് എസ് എസ് രാംനഗർ |
| 2. വിലാസം | : മാവുങ്കാൽ, ആനന്ദാശ്രമം പി.ഒ, കാഞ്ഞങ്ങാട്, കാസറഗോഡ് |
| 3. ഫോൺ | :0467 2201590 |
| 4. ഇമെയിൽ | : 12002.ramnagar@gmail.com |
| 5. സ്കൂൾ കോഡ് | : 12002 |
| 6. വിദ്യാഭ്യാസ ഉപജില്ല | : ഹൊസ്ദുർഗ് |
| 7. വിദ്യാഭ്യാസ ജില്ല | : കാഞ്ഞങ്ങാട് |
| 8. റവന്യൂ ജില്ല | : കാസറഗോഡ് |
| 9. ബി.ആർ.സി | : ഹൊസ്ദുർഗ് |
| 10.ഗ്രാമ പഞ്ചായത്ത്/വാർഡ് നമ്പർ | : അജാനൂർ/X |
| 11.ബ്ലോാക്ക് പഞ്ചായത്ത് | : കാഞ്ഞങ്ങാട് |
| 12.ജില്ലാ പഞ്ചായത്ത് | : കാസറഗോഡ് |
| 13. നിയമ സഭാ മണ്ഡലം | : കാഞ്ഞങ്ങാട് |
| 14. ലോക സഭാ മണ്ഡലം | : കാസറഗോഡ് |

15. താലൂക്ക് : ഹോസ്ദുർഗ്

16. വില്ലേജ് : അജാനൂർ

## ➢ ലക്ഷ്യങ്ങൾ

1) മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3) എൽ. കെ.ജി. മുതൽ 10–ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതിമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.

4) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## ➢ വിദ്യാലയത്തിന്റെ ചരിത്രം

സമൂഹത്തിലെ താഴ്ന്ന ജാതിയിൽ ജനിച്ച എന്നതിനാൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടവർക്ക് വേണ്ടിയാണ് ഈ വിദ്യാലയം സ്ഥാപിതമായത്. മൈസൂർ സംസ്ഥാനം നിലവിലുണ്ടായിരുന്ന കാലത്ത് സൗത്ത് കാനറ ജില്ലയിൽ 'രാമനഗരം' എന്ന സ്ഥലത്ത് (കാഞ്ഞങ്ങാട് നഗരത്തിൽ നിന്നും 3 കി. മി. കിഴക്ക് മാറി ദേശീയപാതയിൽ(NH 17) 'മാവുങ്കാൽ'എന്ന സ്ഥലത്തു നിന്നും അര കി. മി. ദൂരത്തിൽ ആനന്ദാശ്രമത്തിന് എതിർവശത്തായി ഇന്നത്തെ അജാനൂർ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ)1924 ന മുമ്പുതന്നെ ഹോസ്ദുർഗ്ഗ് താലൂക്കിൽ എലിമെന്ററി സ്ക്കൂളായി പ്രവർത്തിച്ചിരുന്ന വിദ്യാലയം 1940 ൽ സ്വാമി രാംദാസ് ഏറ്റെടുത്തു. 1940 ൽ തന്നെ ആനന്ദാശ്രമത്തിലെ ദ്വിതീയ മഠാധിപതിയും സ്വാമി രാംദാസിന്റെ പ്രഥമ ശിഷ്യയുമായ പൂജ്യമാതാജി കൃഷ്ണാഭായിയുടെ ജന്മദിനത്തിൽ പുതിയ കെട്ടിടത്തിന് തറക്കല്ലിടുകയും 1942.ൽ സ്വാമി രാംദാസിന്റെ ജന്മദിനത്തിൽ പുതിയ കെട്ടിടത്തിലേക്ക് ക്ലാസുകൾ മാറുകയും ഈ വിദ്യാലയത്തിന് ശ്രീകൃഷ്ണവിദ്യാലയം എന്ന് നാമകരണം ചെയ്യുകയും ചെയ്തു. 1942 ൽ സമൂഹത്തിൽ താഴ്ന്ന ജാതിയിൽ പെട്ടവരുടെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട സമയത്ത് അവരുടെ ഉന്നമനത്തിനുവേണ്ടിയാണ് ആനന്ദാശ്രമ സ്ഥാപകൻ സ്വാമി രാമദാസ് ഈ വിദ്യാലയം ആരംഭിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം 1957 ൽ സ്വാമി രാംദാസ് ഈ

വിദ്യാലയം കേരള സർക്കാറിന് കൈമാറി. തുടർന്ന് ഗവർമെന്റ് ഹരിജൻ വെൽഫെയർ എൽ പി സ്ക്കൂൾ എന്ന പേരിൽ 'ശ്രീകൃഷ്ണവിദ്യാലയം' പരിവർത്തനം ചെയ്യപ്പെട്ടു.

➢ <u>വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് :-</u>

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം ' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും ' വിദ്യാഭ്യാസം

സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് ' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയഅന്തരീക്ഷം സൃഷ്ടിക്കൽ.

3. മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

4. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റേർസ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

5. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ.

## ➢ പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

- ➢ എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം, SMC യോഗം, MPTA യോഗം എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
- ➢ അക്കാദമികാവശ്യങ്ങൾക്ക് ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ പദ്ധതി,ലക്ഷ്യം,പ്രവർത്തനം,എസ്റ്റിമേറ്റ് തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.
- ➢ കരട് രൂപരേഖ SRG, SMC, PTA, MPTA, STAFF COUNCIL എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.
- ➢ ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- ➢ സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

എ) ഭൗതികം - നേട്ടങ്ങൾ

- കേരള സർക്കാരിന്റെ  കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി രണ്ട് ക്ളാസ് മുറികളും ഫിസിക്സ്,കെമിസ്ട്രി,കമ്പ്യൂട്ടർ എന്നിവയ്ക്കുള്ള ലാബുകളടങ്ങിയ ഒരു ബിൽഡിംഗ് പണികഴിപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ സുരക്ഷയെ മുന്നിൽകണ്ടുകൊണ്ട് വിദ്യാലയത്തിന് ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

- കുട്ടികൾക്ക് ശുദ്ധജലവിതരണം ഉറപ്പു വരുത്തുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ വക വിദ്യാലയത്തിൽ RO പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്
- പ്രീപ്രൈമറി വിദ്യാർത്ഥികളുടെ സമഗ്രമായ ശേഷീ വികാസത്തിനായി SSK യുടെ വക പഞ്ചേന്ദ്രീയ അനുഭവ ഇടം ഉൾപ്പെടെയുള്ള വർണ്ണക്കൂടാരം ഒരുക്കിയിട്ടുണ്ട്.
- പെൺകുട്ടികളുടെ വ്യക്തിശുചിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രീ ഫാബ് ഷീ ടോയിലെറ്റ് വിദ്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്
- ഭിന്നശേഷി കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമിട്ടുകൊണ്ട് മികച്ച രീതിയിലുള്ള ഒരു മോഡൽ ഇൻക്ലൂസീവ് ക്ലാസ് റൂം  വിദ്യാലയത്തിൽ പ്രവത്തിച്ചു വരുന്നു.

ബി) ഭൗതികം - പരിമിതികൾ

- യു പി ക്ളാസുകളുടെ ക്ലാസ് മുറികളിലെ സൗകര്യങ്ങൾ സ്മാർട് ക്ലാസുകളാക്കി ഉയർത്താനുള്ള രീതിയിൽ വികസിപ്പിക്കേണ്ടതാണ്.
- യു പി ,ഹൈസ്കൂൾ വിഭാഗങ്ങൾക്ക് വിപുലീകരിച്ച ഐ ടി ലാബ് സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്

- വിദ്യാലയത്തിലെ മുഴവൻ കുട്ടികളെയും വായനയുടെ വിശാലമായ ലോകത്തിലേക്ക് നയിക്കുന്നതിനായി മുഴവൻ കുട്ടികൾക്കും ഉപയോഗപ്പെടുത്താനാകുന്ന രീതിയിൽ ലൈബ്രറി/റീഡിംഗ് റൂം സൗകര്യം ഒരുക്കേണ്ടതാണ്.
- കുട്ടികളുടെ കായികശേഷി വികാസത്തിന് ഉതകുന്ന രീതിയിൽ വിശാലമായ ഗ്രൗണ്ട് ആവശ്യമാണ്
- ആധുനിക രീതിയിൽ സജ്ജീകരിച്ച അടുക്കള അത്യാവശ്യമാണ്
- കൈറ്റ് വിക്ടേഴ്സ് തുടങ്ങിയ ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന വിദ്യാഭ്യാസ പരിപാടികൾ കുട്ടികളിലേക്കെത്തിക്കുന്നതിനായി ഒരു മൾട്ടിമീഡിയ റൂം സജ്ജീകരിക്കേണ്ടത്  ആവശ്യമാണ്
- കുട്ടികൾക്ക് അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ടോയിലെറ്റ് കോംപ്ലക്സ് അത്യാവശ്യമാണ്
- നവീകരിച്ച സ്റ്റാഫ് റൂം ആവശ്യമാണ്.
- കുട്ടികൾക്കായി ഒരു വിശ്രമമുറി അത്യാവശ്യമാണ്
- കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി സ്കൂളിനായി ഒരു ഇൻഡോർ കോർട്ട് കം അസംബ്ലി ഹാളിന്റെ നിർമാണത്തിനായി സമർപ്പിച്ച അപേക്ഷയിൽ ഡി പി ആർ തയ്യാറാക്കി അത് ജില്ലാ ഭരണകൂടത്തിന്റെ അന്തിമ പരിശോധനയിലാണ്.

സി) അക്കാദമികം - നേട്ടങ്ങൾ

- തുടർച്ചയായ 17 വർഷങ്ങളിൽ(മാർച്ച് 2024 വരെ എസ് എസ് എൽ സി പരീക്ഷയിൽ 100% നിലനിർത്തുന്നു.
- 4 വർഷം തുടർച്ചയായി എൻ എംഎംഎസ് പരിക്ഷയിലും,എൽ എസ് എസ് ,യു എസ് എസ് പരീക്ഷയിലും മികവ് കൊണ്ട് വരുന്നു.
- യു എസ് എസ് പരീക്ഷയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഗിഫ്റ്റഡ് ചൈൽഡ് വിഭാഗത്തിൽ പെട്ട കുട്ടികളും വിദ്യാലയത്തിലുണ്ട്.
- തുടർച്ചയായി സംസ്കൃതം സ്കോളർഷിപ്പുകൾ ലഭിച്ചു വരുന്നു.
- ഹയർസെക്കണ്ടറി വിഭാഗത്തിലും മികച്ച വിജയം കൈവരിച്ചു വരുന്നു.

ഡി) അക്കാദമികം -പരിമിതികൾ

വിവിധ മൽസര പരീക്ഷകളിൽ ഇനിയും മികവ് വർദ്ധിക്കേണ്ടതുണ്ട്.സ്കൂൾ ഗ്രന്ഥശാലാ നവീകരണം ആവശ്യമാണ്. കലാകായിക പരിശീലനത്തിന് അധ്യാപകരുടെ പൂർണ്ണ സേവനംലഭ്യമാകുന്നില്ല.

➢ **<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റ നോട്ടത്തിൽ</u>**

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം<br>* ഗണിതശേഷി വികസനം<br>* ഇംഗ്ലീഷ് പഠന പരിപോഷണം<br>* ശാസ്ത്രപോഷണ പരിപാടി<br>* വായനാ പരിപോഷണം | *സ്മാർട്ട്ക്ലാസ് റൂം<br>*ലൈബ്രറി,റീഡിംഗ് റൂം<br>*കളിസ്ഥലം<br>*മൾട്ടിമീഡിയ റൂം<br>*ടോയിലറ്റ് കോംപ്ലക്സ്<br>*ഗണിത ലാബ്<br>*മാലിന്യസംസ്കരണം | *പിടിഎ ശക്തിപ്പെടുത്തൽ<br>*എസ് എം സി എസ് എം ഡി സി കാര്യക്ഷമമാക്കൽ<br>*വിദ്യാലയ വികസന സമിതി<br>*ഗ്രന്ഥശാലകൾ,ക്ലബുകൾ ,പൂർവ്വാധ്യാപകർ,എന്നിവ |

| | | |
|---|---|---|
| * ലൈബ്രറി ശാക്തീകരണം<br>* ലബോറട്ടറി ആധുനികവത്കരിക്കൽ<br>* പ്രതിഭാപോഷണ പരിപാടി<br>* സാഹിത്യ പോഷണ പരിപാടികൾ<br>* പഠനയാത്രകൾ<br>* സെമിനാറുകൾ<br>* കലാ –കായികമേള<br>* ഐ. ടി. പരിശീലനം<br>* അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>* ക്ലാസ്സ് പി. ടി എ. സജീവമാക്കൽ<br>* സ്കൂൾ പത്രം\മാസിക<br>* പ്രവൃത്തി പരിചയപഠനം<br>* ഒന്നാം ക്ലാസ്സ് ഒന്നാംതരം<br>* എസ്. ആർ .ജി. ശക്തീകരണം<br>* ശാസ്ത്രാഭിരുചി വളർത്തൽ<br>* പച്ചക്കറിത്തോട്ടം<br>* അഭിമുഖങ്ങൾ<br>* മെഡിക്കൽ ക്യാമ്പ്<br>* പോഷകാഹാര പരിപാടി<br>* ഒറിഗാമി ശില്പശാല<br>* ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>*ഭിന്നശേഷിവിദ്യാർത്ഥികൾക്കായി ഇൻക്ലൂസീവ് ക്ളാസ്റൂം പരിശീലനം<br>*ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ<br>* ദിനാചരണം<br>*രക്തഗ്രൂപ്പ് നിർണയം | *കമ്പ്യൂട്ടർ ലാബ്<br>*സ്റ്റാഫ് റൂം<br>*അസംബ്ലി ഹാൾ<br>*അടുക്കള<br>*വിശ്രമമുറി | രുടെ സേവനം പ്രയോജനപ്പെടുത്തൽ<br>*ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>*വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>*ഭവന സന്ദർശനം |
| | | |

| | | |
|---|---|---|
| *കായിക പഠനം<br>*ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ<br>*ഗവേഷണ താൽപര്യം വളർത്തുന്നതിനായി ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കൽ<br>*സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: LP English

| Aim | Activities | Time Period | Agency | Amount |
|---|---|---|---|---|
| To speak,read and write English without any mistake | Pre-Test<br>*To check vocabulary and writing & reading skills of pupil<br>To develop listening skills & reading skills<br>*Games,action songs,Hello English activities<br>*Conversations,skit,stories,use ICT<br>Speaking skills<br>*Identify the naming words from the picture<br>*Identify the action words from the same picture<br>*Make simple sentence using the action words and naming words from the same picture<br>*Make simple descriptions from the picture<br>*Growing sentences, picture reading,self introduction ,conducting assembly<br>Reading Skills<br>*Picture reading<br>*Read simple words from the picture book<br>*Read simple sentence from the same book<br>*Find words from the book<br>*Find rhyming words<br>*Read simple words | June<br>June – July<br>August | Class Teacher | |
| To read and write English without any mistake | Writing Skills<br>*Make word web<br>*Picture Description with describing words<br>*Word chain, sentence chain<br>*Make words and sentences<br>*Make riddles & conversations<br>*Add more lines | September | Class Teacher, Parents | |
| To express thoughts and feelings | Reading skill<br>*Read simple story books<br>*Read breaking news<br>*Read news papers<br>*Conversations,skit,stories use ICT<br>*Develop a story | October - November | Class Teacher, Parents<br>Staff | |
| To speak,read and write English without any mistake | Writing skills<br>*Description<br>*Notice<br>*Thought<br>*Speech<br>*Riddles<br>*School Magazine | | | |
| Develop creative speaking and writing | To Express thoughts and feelings<br>Reading Skill<br>*News paper reading, Library book | December - January | Class Teacher, Staff & PTA | |

| | | | | |
|---|---|---|---|---|
| | reading,conversation,skit,stories,use ICT material<br>*Read breaking news<br>*Develop story<br>*Reads diary<br>*Reads letter from friends | | | |
| To read, speak and write English without any mistake | Writing skills<br>*Diary<br>*Letter<br>*Announcement<br>*Magazine<br>*Quiz Riddles<br>*Skit<br>To Improve presentation skill<br>Reading Skill<br>*Reading story books<br>*News paper reading<br>*Breaking news reading<br>*Read diary<br>*Read story<br>*Conversations<br>*Skit | December – January<br><br><br><br><br><br><br><br>February - March | Class Teacher, Parents | |
| To speak,read and write English without any mistake | Writing Skills<br>*Speech<br>*Quiz Riddles<br>*Notice<br>*Description<br>*Class Magazine<br>*Notice<br>*Thought<br>*Class posters<br>*Skits<br>*School Magazine | February - March | Class Teacher, Staff & PTA | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: LP ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | *അക്ഷരം ഉറപ്പിക്കൽ<br>*ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>*അക്ഷരക്കാർഡ് നൽകൽ<br>*വാക്കുകൾ എഴുതിയ കാർഡ്<br>*വാക്കുകൾ നിർമ്മിക്കുക<br>*വാക്യങ്ങൾ നിർമ്മിക്കുക<br>*ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പു വരുത്തുന്നു | ജൂൺ - ജൂലൈ | അധ്യാപകർ<br>പി ടി എ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | *ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>*ക്ലാസ് ലൈബ്രറി രൂപീകരണം<br>*വീട്ടു ലൈബ്രറി ഒരുക്കൽ<br>*പത്രവായന<br>*വായിച്ചറിഞ്ഞ കഥകളെ ചിത്രങ്ങളാക്കുന്നു<br>*കഥകളെ സംഭാഷണമാക്കൽ<br>*വായനാക്കുറിപ്പ് തയ്യാറാക്കൽ<br>*വായനാനുഭവം പങ്കുവയ്ക്കുക<br>*വായനക്കുറിപ്പ് പതിപ്പ്<br>*വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>*സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>*ആനുകാലിക പ്രസിദ്ധീകരണം<br>*ആസ്വാദ്യകരമായ വായന | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ<br>പി ടി എ | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | *വായിച്ച പുസ്തകങ്ങ്ഹൾുടെ കുറിപ്പ് തയ്യാറാക്കുന്നു<br>*ചിത്രത്തിൽ നിന്ന് ചെറുവിവരണം തയ്യാറാക്കുക<br>*കഥ,കവിത ഇവ വായിക്കുന്നു. സ്വന്തം ഭാഷയിൽ എഴുതുന്നു<br>*ദിനാചരണങ്ങൾുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കുന്നു<br>*ക്ലാസ് പത്രം തയ്യാറാക്കുന്നു<br>*ഡയറി എഴുത്ത്<br>*വ്യക്തിഗത രചന, സംഘരചന ഇവയിലേർപ്പെടുന്നു<br>*വിവിധ സാഹിത്യകാരന്മാരെ പരിചയപ്പെടുകയും അവരുമായി അഭിമുഖം, സംഭാഷണം ഇവയിലേർപ്പെടുന്നു | ഒക്ടോബർ - മാർച്ച് | അധ്യാപകർ<br>പി ടി എ | |
| സർഗ്ഗാത്മകതയെ പ്രോൽസാഹിപ്പിക്കുന്നു | *വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>*സാഹിത്യസഭ<br>*അസംബ്ലിയിൽ ദിനാചരണവുമായി ബന്ധപ്പെട്ട | ജൂൺ - മാർച്ച് | അധ്യാപകർ<br>പി ടി എ | |

| | | | | |
|---|---|---|---|---|
| | പ്രവർത്തനം അവതരിപ്പിക്കുന്നു<br>*കലോൽസവം<br>*പ്രവൃത്തിപരിചയ മേള | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: LP പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസല സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | *ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>*പ്രത്യേകതകൾ മനസിലാക്കാം<br>*നമുക്കു ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം, സ്വയം തിരുത്താം | ജൂൺ - ഒക്ടോബർ | അധ്യാപകർ<br>പി ടി എ | |
| വ്യക്തിശുചിത്വവും പരിസരശുചിത്വവും | *ശുചിത്വം ഉറപ്പു വരുത്താൻ ക്ലാസ് തലത്തിൽ ശുചിത്വ മൽസരം | ജൂൺ - മാർച്ച് | അധ്യാപകർ<br>പി ടി എ | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | *നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക<br>*ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിലേർപ്പെടുക<br>*മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുക<br>*ശാസ്ത്ര ക്യാമ്പ് | ജനുവരി - മാർച്ച് | അധ്യാപകർ<br>പി ടി എ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: LP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ അറിയാം<br>- പ്രീ ടെസ്റ്റ് | *ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു<br>*ഓരോരുത്തർക്കും ഏതു മേഖലയിലാണ് പ്രയാസം നേടുന്നത് എന്ന് കണ്ടെത്തുന്നു<br>*ലഘുനിർദ്ധാരണ ശേഷിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | അധ്യാപകർ | |
| ഗണിത ക്ലബ് മഞ്ചാടിച്ചെപ്പ് | *ഗണിത ക്ലബ് ഉൽഘാടനം<br>*മഞ്ചാടിച്ചെപ്പിലേക്കുള്ള മുത്തുകൾ ശേഖരിക്കുന്നു<br>*കുട്ടി ഒന്നിന് ഓരോ മഞ്ചാടിച്ചെപ്പ് വീതം ആവശ്യവസ്തുക്കൾ ശേഖരിച്ച് കിട്ടാത്തത് ക്ലാസിൽ നിർമിച്ചും മഞ്ചാടിച്ചെപ്പ് തയ്യാറാക്കുന്നു | ജൂലൈ | പി ടി എ | |
| കളിക്കളം | *മഞ്ചാടിച്ചെപ്പിലെ ശേഖരണ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കളികളിൽ ഏർപ്പെടുന്നു.അതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു<br>*ഗണിത ക്ലബിന്റെ നേതൃത്വത്തിൽ അംഗങ്ങൾ ഗണിത ചോദ്യങ്ങൾ, കസൃതിക്കണക്കുകൾ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വേണ്ടി നൽകുന്നു<br>*നോട്ടീസ് ബോർഡിൽ ചോദ്യങ്ങൾ ഇടുന്നു.ഉത്തരം കണ്ടെത്തുന്നവരെ വിജയിയായി പ്രഖ്യാപിക്കുന്നു | ഓഗസ്റ്റ് | അധ്യാപകർ | |
| ഉല്ലാസഗണിതം | *ഗണിത വിജയം ഉപയോഗിച്ച് വിവിധ കളികളിൽ ഏർപ്പെടുന്നു | സെപ്റ്റംബർ | | |
| വിസ്മയച്ചെപ്പ് | *ശില്പശാല<br>*ടാൻഗ്രാം നിർമാണ കളരി<br>*ഗണിത ലാബ് നിർമാണം<br>*ഗണിത വിദഗ്ദരെ കൊണ്ടു വരുന്നു<br>*ലാബ് നിർമാണത്തിൽ രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണം ഉറപ്പു വരുത്തുന്നു | സെപ്റ്റംബർ<br>-<br>ഒക്ടോബർ | പി ടി എ | |
| മാന്ത്രിക കൂടാരം | *മാന്ത്രിക ചതുരം, ഗണിത പസിലുകൾ എന്നിവ പരിചയപ്പെടുത്തൽ,പരിശീലനം | നവംബർ | അധ്യാപകർ | |
| രാമാനുജ മാസം | *ദ്വിദിന ഗണിത നിർമാണ ശില്പശാല<br>*നിർമാണ കളരി പ്രദർശനം<br>*മഞ്ചാടിച്ചെപ്പിലെയും ഗണിത ലാബിലെയും വസ്തുക്കൾ ഉപയോഗപ്പെടുത്തൽ | ഡിസംബർ | പി ടി എ | |
| നേരവും കാലവും | *സമയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുന്നു<br>*ലളിതമായ രീതിയിൽ പ്രശ്ന നിർദ്ധാരണം നടത്തുന്നു<br>*ക്ലോക്ക് മാതൃകകൾ തയ്യാറാക്കുന്നു<br>*മിനിറ്റ്, സെക്കന്റ്,മണിക്കൂർ എന്നിവ കുട്ടികളെ ബോധ്യപ്പെടുത്തുന്നു | ജനുവരി | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | *ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഗണിത ക്വിസ് മത്സരം | | | |
| കുട്ടി പീടിക | *ഗണിത നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്ന നിരവധ സന്ദർഭങ്ങൾ കുട്ടികൾക്ക് കാണുവാനും കേൾക്കുവാനും മനസിലാക്കുവാനും അവസരം നൽകുന്നു.അതിന്റെ ഭാഗമായി ഒരു കുട്ടി പീടിക സ്കൂളിൽ ഒരുക്കുന്നു<br>*ഗണിതത്തെ കലയുമായി ബന്ധപ്പെടുത്തുന്നു<br>*ഗണിത പാട്ടുകൾ,കളികൾ എന്നിവയ്ക്ക് കൂടുതൽ സാധ്യത നൽകുന്നു | ഫെബ്രുവരി | പി ടി എ | |
| ഗണിതം ലളിതം | *ഗണിത ക്ലബിന്റെ നേതൃത്വത്തിൽ മെഗാ ക്വിസ്, ഗണിതജാലകം പതിപ്പ് പ്രകാശനം ചതുഷ്ക്രിയക്രിയകളിലെ പ്രാവീണ്യ മികവ് തെളിയിക്കൽ | മാർച്ച് | അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: UP ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | *Follow Me If You Can ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു<br>*Breaking News ഇംഗ്ഗ്ളീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു<br>*ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ജൂൺ- വർഷാവസാനം<br><br>ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നുതെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു(ലളിതമായവയിൽ നിന്ന് സങ്കീർണമായതിലേക്ക്) | സെപ്റ്റംബർ - നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | *Class Magazine, Mini Dictionary തുടങ്ങിയവ<br>*സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ,നോട്ടീസ് എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലുമായി പ്രദർശിപ്പിക്കുന്നു<br>*കടംകഥകൾ,കസൃതിചോദ്യങ്ങൾ,ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | വർഷാവസാനം<br><br>ഒക്ടോബർ - നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ഗ്ളീഷ് അന്തരീക്ഷം സൃഷ്ടിക്കുന്നു. 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകുന്നു | ഫെബ്രുവരി - മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം, പിന്നോക്കാവസ്ഥ പരിഹരിക്കൽ | *അക്ഷരം ഉറപ്പിക്കാം<br>*ചിഹ്നം ഉറപ്പിക്കൽ<br>*പദ നിർമാണം<br>*വാക്യനിർമാണം<br>*പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് | ജൂൺ<br>ജൂലൈ | മലയാളം<br>ടീച്ചർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | *ക്ലാസ് വായനക്കൂട്ടം രൂപീകരണം<br>*ലൈബ്രറി രൂപീകരണം<br>*പുസ്തകങ്ങൾ ലഭ്യമാക്കൽ<br>*റീഡിംഗ് റൂം സജ്ജമാക്കൽ<br>*ജന്മദിന പുസ്തകം-പരിപാടി ആവിഷ്കരിക്കൽ<br>*പത്രവായന,ക്വിസ് | ആറ് മാസം<br><br>ആവശ്യത്തിനനുസരിച്ച്<br><br>വർഷം മുഴുവൻ | വിദ്യാരംഗം ചാർജുള്ള ടീച്ചർ<br><br>മലയാളം ടീച്ചർ | |
| സർഗ്ഗശേഷി വികസനം | *സാഹിത്യ ക്വിസ്<br>*കവിതാലാപന മത്സരം<br>*പുസ്തക ആസ്വാദനം തയ്യാറാക്കൽ | മാസത്തിൽ ഒരു തവണ | SRG | |
| കുട്ടികളുടെ കലാവാസന പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട നാടകം,നാടൻപാട്ട് തുടങ്ങിയവ പരിപോഷിപ്പിക്കുന്നു | ആവശ്യത്തിനനുസരിച്ച് | മലയാളം ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: UP ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി വായന | *യു പി തലതിതിലെ മുഴുവൻ കുട്ടികൾക്കും ഹിന്ദി വായിക്കാൻ പ്രാപ്തരാക്കുക<br>*ഹിന്ദി ചിത്ര കഥകൾ, വായന കാർഡ് എന്നിവ ഉപയോഗിക്കുന്നു | വർഷം മുഴുവൻ | ഹിന്ദി ടീച്ചർ | |
| ഹിന്ദി എഴുത്ത്<br>*കോപ്പി ബുക്ക്<br>*ചുമർ പത്രിക | *വായനയോടൊപ്പം ടെക്സ്റ്റ് ബുക്കിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ എഴുതുന്നു<br>*പ്രദർശന സാമഗ്രികൾ ഓരോ ക്ലാസിലും പ്രദർശിപ്പിക്കാൻ ചുമർ പത്രിക കുട്ടികളെ കൊണ്ട് തയ്യാറാക്കിക്കുന്നു | ദിവസവും<br>ആവശ്യാനുസരം | ഹിന്ദി ടീച്ചർ | |
| ഹിന്ദി ആസ്വാദനകുറിപ്പ് | *ഹിന്ദി അവതരണം മികച്ച രീതിയിൽ കുട്ടികളിൽ എത്തിക്കാൻ ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ നിർദേശം നൽകുന്നു | മാസത്തിൽ ഒരു തവണ | ഹിന്ദി ടീച്ചർ | |
| ഹിന്ദി മത്സരങ്ങൾ | ഹിന്ദി പറയാനും പാടാനും എഴുതാനും ഉള്ള മികവ് ഉണ്ടാക്കാൻ കഥാ രചന, കവിത പാരായണം, കഥാപൂരണം,പ്രസംഗം എന്നിവ സംഘടിപ്പിക്കുന്നു | ആറ് മാസത്തിൽ ഒരു തവണ | ഹിന്ദി, എസ് ആർ ജി | |
| ദിനാചരണങ്ങൾ | ഹിന്ദി ദിനം, പരിസ്ഥിതി ദിനം,ശിശു ദിനം തുടങ്ങിയ ദിവസങ്ങളിൽ ഹിന്ദിയിൽ പോശ്റ്റർ രചന മത്സരങ്ങൾ നടത്തുന്നു. അങ്ങനെ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നു | പ്രധാന ദിവസങ്ങളിൽ | ഹിന്ദി, എസ് ആർ ജി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: UP ബേസിക് സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | *ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണത്തിലൂടെ അവതരിപ്പിക്കൽ<br>*സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരു തവണ | സയൻസ് ടീച്ചർ<br>സയൻസ് ക്ലബ് | |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | *മേളകളിൽ പങ്കെടുക്കുന്ന കുട്ടികളെ പരമാവധി അതിനു സജ്ജരാക്കുക | മൂന്നുമാസം | സയൻസ് ടീച്ചർ | |
| ശാസ്ത്ര ലാബിനെ നവീകരിക്കൽ | *ശാസ്ത്രസാമഗ്രുകൾ കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമിച്ചു ലാബിനെ നവീകരിക്കൽ | വർഷം മുഴുവൻ | സയൻസ് ടീച്ചർ | |
| ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | *കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രലേഖനങ്ങൾ ശാസ്ത്രക്കുറിപ്പ് മറ്റുള്ളവ ഉപയോഗിച്ച് ശാസ്ത്ര മാസിക/പതിപ്പ് തയ്യാറാക്കൽ | ആറുമാസത്തിലൊരിക്കൽ | സയൻസ് ടീച്ചർ<br>എസ് ആർ ജി | |
| മോഡൽ നിർമാണം | *ശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കൽ | ഒരുമാസം | സയൻസ് ടീച്ചർ<br>എസ് ആർ ജി | |
| ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ | *വിവിധ സസ്യങ്ങൾ ഉൾപ്പെടുത്തിഒരു ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കുന്നു | മൂന്നുമാസം | ഇക്കോ ക്ലബ്<br>സയൻസ് ക്ലബ് അംഗങ്ങൾ | |
| ചുറ്റുപാടിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയാൻ | *വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ കാവുകൾ സന്ദർശനം,കണ്ടൽക്കാട് നിരീക്ഷണം,പുഴയെ അറിയാൻ യാത്രകൾ | വർഷത്തിൽ ഒരു തവണ | സയൻസ് ടീച്ചർ,സയൻസ് ക്ലബ്,എസ് ആർ ജി | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | *ഗണിത ശിൽപ്പശാല<br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു(നമ്പർ കാർഡ്,ഫ്ലാഷ് കാർഡ്)<br>* ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ മാസം<br>ജൂൺ - ജൂലൈ | ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | *വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു<br>*കണക്കിലെ മിടുക്കരെ കണ്ടെത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ജൂൺ<br>ജൂൺ | ഗണിത അധ്യാപകർ<br>ഗണിത അധ്യാപകർ | |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ഗണിത ക്ലബ് മെമ്പർമാർ | |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിതപാർക്ക് സജ്ജീകരിക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | |
| ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ട് കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ ക്ലാസ് കൈകാര്യം ചെയ്യുന്നു | വർഷത്തിൽ മൂന്നോ നാലോ തവണ | ഗണിത അധ്യാപകർ, ക്ലാസ് ലീഡർമാർ | |
| ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ,ചതുഷ്കീയകൾ,tangram എന്നിവ ഐ ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിത അധ്യാപകരും ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകർ,സമർഥരായ കുട്ടികൾ | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ<br>ഗണിതപ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം. ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ഹൾ SRG യിൽ രൂപപ്പെടുത്തുന്നു | ആവശ്യാനുസരണം | SRG | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: UP സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്- ഗ്രാമസഭ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയിൽ അടിസ്ഥാനതലം മനസിലാക്കുന്നു | ജൂൺ - ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോൽസാഹിപ്പിക്കുന്നു | വിദ്യർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സ്ഗ്രികൾ ദുരന്തബോദിതപ്രദ്ശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | ജൂൺ - ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ്, സർവ്വേ-പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്നു. കണ്ടൽക്കാടുകൾ,ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശ്ച്ച് റിപ്പേർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: HS English

| Aim | Activities | Time | Agency | Amount |
|---|---|---|---|---|
| To improve communication skills | Theatre workshop<br>English Assembly<br>Debates/Seminar<br>Developing Translation skills | August,Septembe r | PTA<br>English Teacher | |
| Address slow learners | Special coaching class<br>Action Research | October | English Teacher<br>Students | |
| Support to Gifted | Intensive coaching class | November | PTA<br>English Teacher | |
| To improve Vocabulary | Word games<br>Dictionary making | December | PTA<br>English Teacher | |
| To improve handwriting | English Diary<br>English pen friends | January | English Teacher<br>Students | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: HS ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹൈസ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങ്ഹൾ വായിക്കാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചു കൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കുക | ജൂൺ | ഹിന്ദി അധ്യാപകർ | |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർധിപ്പിക്കുന്നു | കഥാവായന,കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ,നോവലുകൾസിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂലൈ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| ഹിന്ദി മൽസരങ്ങ്ഹൾ,പ്രവർത്ത ലങ്ങൾ | ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുന്നതിനായി മൽസരങ്ങൾ നടത്തും. കതാപൂരണം,കവിതാരചന,പ്രസംഗം,കവിതാപാരായണം, കവിതാരചന തുടങ്ങിയ മൽസരങ്ങൾ നടത്തുക. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകുക | സെപ്റ്റംബർ - ഒക്ടോബർ | ഹിന്ദി അധ്യാപകർ | |
| ദിനാചരണങ്ങൾ,പ്രവർത്തനങ്ങൾ | ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശു ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങൾ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പ് വരുത്തും | നവംബർ - ഡിസംബർ | ഹിന്ദി അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: HS മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *പ്രീ ടെസ്റ്റ്<br>*അക്ഷരം ഉറപ്പിക്കൽ<br>*വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കൽ<br>*ചിത്രം - അടിക്കുറിപ്പ് നൽകൽ<br>*ചിത്രം - കഥ എഴുതൽ<br>*ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസുകൾ | ജൂലൈ ആഗസ്റ്റ് | അധ്യാപകർ<br>പി ടി എ | |
| കുട്ടിയെ മികച്ച വായനക്കാരാക്കുക | *ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി സജ്ജീകരിക്കൽ<br>*വായനക്കൂട്ടം രൂപീകരണം<br>*പുസ്തക ചർച്ച<br>*പുസ്തകാസ്വാദനം,പതിപ്പുകൾ<br>*വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനങ്ങൾ<br>*ദിനാചരണങ്ങൾ | ജൂൺ - നവംബർ | അധ്യാപകർ<br>പി ടി എ<br>ബി ആർ സി | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | *എഴുത്തുകൂട്ട രൂപീകരണം<br>*വായനാക്കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് നിർമാണം<br>*സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>*ചുവവർപത്രികകൾ തയ്യാറാക്കൽ<br>*ശിൽപശാലകൾ | ജൂലൈ - ഡിസംബർ | അധ്യാപകർ<br>ബി ആർ സി | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | *പ്രസംഗമത്സരങ്ങൾ<br>*ദിനാചരണങ്ങൾ<br>*സ്കിറ്റുകൾ | ജൂൺ - ഡിസംബർ | അധ്യാപകർ<br>പി ടി എ<br>ട്രെയിനർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: HS സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹൈസ്കൂളിലെ മുഴുവൻ കുട്ടികളെയും സംസ്കൃതം പറയാൻ ശീലിപ്പിക്കുക | സംഭാഷണശിബിരം സംഘടിപ്പിക്കുക | ജൂൺ - ജൂലൈ | സംസ്കൃതം അധ്യാപകർ | |
| സംസ്കൃതത്തോടുള്ള അഭിരുചി വർധിപ്പിക്കുക | കഥാരചന,കവിതരചന എന്നിവയ്ക്ക് അവസരങ്ങൾ നൽകുക | ആഗസ്റ്റ് | സംസ്കൃതം അധ്യാപിക | |
| മാതൃഭാഷയെപ്പോലെ സംസ്കൃതം നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് കഥകൾ,നോവലുകൾ,സിനിമ തുടങ്ങിയവകാണാൻ അവസരം നൽകുക | സെപ്റ്റംബർ | സംസ്കൃതം അധ്യാപിക | |
| സംസ്കൃത മത്സര പ്രവർത്തനങ്ങൾ | രചന, മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക,സമസ്യാപൂരണം തുടങ്ങിയ മത്സരങ്ങ ൾ നടത്തുക. മികവ് പുനർത്തുന്നവർക്ക് സമ്മാനം നൽകുക | ഒക്ടോബർ | സംസ്കൃതം അധ്യാപിക | |
| ദിനാചരണങ്ങൾ മാസാചരണങ്ങൾ | സംസ്കൃത ദിനം, രാമായണ മാസാചരണം, വായനാ വാരം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളുടെ പോസ്റ്റർതയ്യാറാക്കി പ്രദർശിപ്പിക്കുക | ഒക്ടോബർ, നവംബർ, ഡിസംബർ | സംസ്കൃതം അധ്യാപിക | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: HS ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ഗണിതാധ്യാപകർ | |
| നിർമിതികളിലെ ശേഷി കൈവരിക്കൽ | *ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത *കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | തുടർപ്രവർത്തനം | ഗണിതാധ്യാപകർ | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുത്ത ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | പാഠാസൂത്രണം, ചർച്ചകൾ എന്നി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | തുടർപ്രവർത്തനം | ഗണിതാധ്യാപകർ | |
| ഗണിത പഠനത്തിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ഗണിത ക്വിസ്, മാത്സ് പസിൽ | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ മാത്സ് ക്ലബ് | |
| ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്വസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ആഗസ്റ്റ് - നവംബർ | ഗണിതാധ്യാപകർ മാത്സ് ക്ലബ് | |
| ഗണിത ലാബ് | ക്ലബ് പ്രവർത്തനങ്ങളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂലൈ - ഡിസംബർ | ഗണിത ക്ലബ് ക്ലബ് ആംഗങ്ങൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ: HS സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവശാസ്ത്രപഠനാഭിരുചി വളർത്തുക | *ശാസ്ത്രവിഷയങ്ങളിലെ അത്ഭുതം ജനിപ്പിക്കുന്ന ആനുകാലിക സംഭവങ്ങളെക്കുറിച്ചും ശാസ്ത്രജ്ഞരുടെ വിസ്മയിപ്പിക്കുന്ന ജീവിതസംഭവങ്ങളെക്കുറിച്ചുള്ള ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു.<br>*ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു<br>*മോഡൽ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>*പഠനവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>*ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ആചരിക്കൽ | ജൂൺ - മാർച്ച് | ശാസ്ത്രാദ്ധ്യാപകർ | |
| ശാസ്ത്രാന്വേഷണം നടത്തി ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | *ശാസ്ത്ര ക്വിസ്, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്നു<br>*കുട്ടികൾ ഉണ്ടാക്കിയ മോഡലുകൾ പ്രദർശിപ്പിക്കുന്നു | ജൂലൈ | ഇക്കോക്ലബ്, ശാസ്ത്രാദ്ധ്യാപകർ | |
| പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നവിദ്യാർത്ഥികളെ സൃഷ്ടിക്കുന്നു | സമ്പൂർണ പ്ലാസ്റ്റിക് നിരോധിത അവബോധ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>ക്യാമ്പസിനുള്ളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നു | | സയൻസ് ക്ലബ്, ഇക്കോക്ലബ് അംഗങ്ങൾ | |
| കൃഷിയോട് താൽപര്യം ജനിപ്പിക്കുന്നു | *പച്ചക്കറി വിത്തുകൾശേഖരിക്കുന്നു,വളപ്രയോഗം,ജൈവ കീടനിയന്ത്രണം എന്നിവയെ കുറിച്ച് വിവരശേഖരണം നടത്തുന്നു, കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് ആധുനിക കൃഷിരീതികൾ,വൈവിധ്യമാർന്നകൃഷി രീതികൾ പരിചയപ്പെടുന്നു<br>*കൃഷി ഓഫീസറുമായുള്ള അഭിമുഖം | ആഗസ്റ്റ് | ഇക്കോക്ലബ് അംഗങ്ങൾ | |
| ആരോഗ്യകരമായ ഭക്ഷണശീലം വളർത്തിയെടുക്കുന്നു | രക്തപരിശോധനാ ക്യാമ്പിലൂടെ രക്തത്തിലെ ഹീമോഗ്ലോബിൻ കുറവുള്ള കുട്ടികളെ കണ്ടെത്തുന്നു.അവരിൽ ആവശ്യമായ ഭക്ഷണക്രമീകരണങ്ങൾ നിർദ്ദേശിക്കുന്നു, പോഷകാഹാരം ശീലമാക്കേണ്ടതിന്റെ ആവശ്യകത- ക്ലാസ് സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | ഹെൽത്ത്ക്ലബ് | |
| അവരവരുടെ രക്തഗ്രൂപ്പുകളെക്കുറിച്ച് ബോധവാന്മാരാകുന്നു | രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് സംഘടിപ്പിക്കുന്നു | ഒക്ടോബർ | ഹെൽത്ത്ക്ലബ് | |

| | | | | |
|---|---|---|---|---|
| ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം മനസിലാക്കുന്നു | *ഔഷധഗുണങ്ങൾ ഉള്ള സസ്യങ്ങളെ കണ്ടെത്തൽ<br>*നാട്ടറിവുകൾ കണ്ടെത്തൽ, ശാസ്ത്രീയ നാമം കണ്ടെത്തൽ<br>*കാവുകൾ,പുഴകൾ (സമീപ പ്രദേശത്തുള്ളവ) സന്ദർശിച്ച് ജൈവവൈവിധ്യം മനസിലാക്കുന്നു | അക്കാദമിക വർഷം | ഇക്കോക്ലബ് അംഗങ്ങൾ | |
| സസ്യസംരക്ഷണം | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ,പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | അക്കാദമിക വർഷം | ഇക്കോക്ലബ് അംഗങ്ങൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ:HS സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കൽ | ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | ജൂൺ -ജൂലൈ | സോഷ്യൽ ക്ലബ് | |
| ദിനാചരണങ്ങൾ സംഘടിപ്പിക്കൽ – ചരിത്രപ്രാധാന്യ ദിനങ്ങളെ കുറിച്ച് പഠിതാക്കളിൽ അവബോധം സൃഷ്ടിക്കൽ | *ദിനാചരണങ്ങൾ വിപുലമായി കൊണ്ടാടൽ<br>*ചരിത്രകാരൻമാരുമായും സ്വാതന്ത്ര്യ സമരസേനാനികളുമൊത്തുള്ള അഭിമുഖം | വർഷം മുഴുവൻ | സോഷ്യൽ സയൻസ് ക്ലബ് | |
| പൗരന്റെ കടമകളും കർത്തവ്യങ്ങളും തിരിച്ചറിയൽ | സ്കൂൾ - പാർലമെന്റ് രൂപീകരണം, ചുമതല വിഭജനം | വർഷം മുഴുവൻ | സോഷ്യൽ സയൻസ് ക്ലബ് | |
| സാമൂഹിക പ്രതിബദ്ധത വളർത്തൽ | *പാലിയേറ്റീവ് പ്രവർത്തനങ്ങൾ<br>*പ്ലാസ്റ്റിക്കിനെതിരെയുള്ള പ്രവർത്തനങ്ങൾ<br>*സാമൂഹ്യസേവന പ്രവർത്തനങ്ങൾ | സെപ്തംബർ - ഡിസംബർ | സോഷ്യൽ സയൻസ് ക്ലബ് | |
| സാമൂഹിക പ്രശ്നങ്ങളെ സാമൂഹ്യശാസ്ത്ര ക്ലാസ് റൂമുകളുമായി ബന്ധപ്പെടുത്തി വിജ്ഞാന മേഖല വിപുലീകരിക്കൽ | സമകാലീക പ്രശ്നങ്ങളും സംഭവങ്ങളും ക്ലാസ് റൂം പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ | ജനുവരി - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| സാമൂഹ്യ ശാസ്ത്രത്തിലെ നൂതന അറിവുകൾ കണ്ടെത്തലുകൾ,പ്രദർശനം | എല്ലാ പഠിതാക്കൾക്കും കാണുവാനും വായിക്കുവാനും സാധ്യമാകുന്ന രീതിയിൽ എസ് എസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും നൂതന വിവരങ്ങൾ ഉൾപ്പെടുത്തി പ്രദർശിപ്പിക്കുകയും ചെയ്യൽ | വർഷം മുഴുവൻ | സോഷ്യൽ സയൻസ് ക്ലബ് | |

# കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാരീരികക്ഷമത മെച്ചപ്പെടുത്തുക | *കായികക്ഷമത കൈവരിക്കുന്ന ധാരണ – ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ<br>*എയ്റോബിക് ക്ലാസുകൾ | ജൂൺ -മാർച്ച് | ഹെൽത്ത് ക്ലബ് | |
| കായിക ശേഷിയിൽ മികവിൽ എത്തിക്കാൻ | *കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിൽ എത്തിക്കൽ | ജൂലായ് – നവംബർ | കായികാധ്യാപിക | |
| കായിക ശേഷിയിൽ മികവിൽ എത്തിക്കാൻ | കുട്ടികൾക്ക് ഫുട്ബോൾ, കബഡി,ബാഡ്മിന്റൺ,കരാട്ടെ,നീന്തൽ,തൈക്കോണ്ടോ എന്നിവയിൽ പരിശീലനം നൽകി സംസ്ഥാനതല ദേശീയതല<br>മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | ജൂലായ് – നവംബർ | പി ടി എ<br>കായികാധ്യാപിക | |
| യോഗയും മെഡിറ്റേഷനും | ലളിതമായ യോഗാസനങ്ങൾ, പ്രാണായാമം, ധ്യാനം. ശരീരത്തിന്റെ വഴക്കം (flexibility), മാനസിക ഏകാഗ്രത എന്നിവയ്ക്ക് ഊന്നൽ. | ജൂലായ് – ആഗസ്റ്റ് | പി ടി എ<br>കായികാധ്യാപിക | |
| രക്ഷാപ്രവർത്തനവും പ്രഥമശുശ്രൂഷയും: | ചെറിയ പരിക്കുകൾ, സ്പ്രെയിനുകൾ, മുറിവുകൾ എന്നിവ കൈകാര്യം ചെയ്യേണ്ട രീതി. സി.പി.ആർ (അടിസ്ഥാന വിവരങ്ങൾ). | ഒക്ടോബർ – ഡിസംബർ | കായികാധ്യാപിക | |
| ആരോഗ്യ വിദ്യാഭ്യാസം | പോഷകാഹാരം, വ്യക്തിശുചിത്വം, സാംക്രമിക രോഗങ്ങൾ, ലഹരിവസ്തുക്കളുടെ ദുരുപയോഗം (തിയറി ക്ലാസുകൾ). | വർഷം മുഴുവൻ | കായികാധ്യാപിക | |

# പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തി പഠനം | *ലളിതമായ തുണി ബാഗുകൾ നിർമ്മിക്കുക<br>*വസ്ത്രത്തിലെ അറ്റകുറ്റപ്പണികൾ: പൊട്ടിയ ബട്ടൺ പിടിപ്പിക്കുക, കീറിയ ഭാഗങ്ങൾ തുന്നിച്ചേർക്കുക.<br>*കട നിർമാണം<br>*പൂക്കൾ നിർമാണം<br>*സോപ്പ് നിർമാണം | ജൂൺ -മാർച്ച് | WE അധ്യാപിക | |
| ആഹാരവും കൃഷിയും | *ചിലവ് കുറഞ്ഞ പോഷകാഹാരം: ചിലവ് കുറഞ്ഞതും പോഷക സമ്പുഷ്ടവുമായ ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കാനും അവ കേടുകൂടാതെ സൂക്ഷിക്കാനും പഠിക്കുക. | ജൂലായ് - ആഗസ്റ്റ് | ഹെൽത്ത് ക്ലബ് | |
| വ്യക്തിത്വ വികസനം | സഹകരണവും വ്യക്തിത്വ വികസനവും പ്രോത്സാഹിപ്പിക്കുക:;തൊഴിലിനോടും തൊഴിലാളികളോടും ആഭിമുഖ്യം വളർത്തുകയും സഹകരണ മനോഭാവം പ്രോത്സാഹിപ്പിച്ച് വ്യക്തിത്വ വികസനം സാധ്യമാക്കുകയും ചെയ്യുക. | ഒക്ടോബർ-നവംബർ | WE അധ്യാപിക | |
| വസ്ത്രങ്ങൾക്ക് നിറം നൽകൽ | വസ്ത്രങ്ങൾക്ക് നിറം നൽകാനും ഫാബ്രിക് പെയിന്റ് ചെയ്യാനും അലങ്കാര തുന്നലുകൾ ചെയ്യാനും പഠിക്കുക | നവംബർ - ഡിസംബർ | WE അധ്യാപിക | |
| പ്രായോഗിക കഴിവുകൾ വർദ്ധിപ്പിക്കുക | അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക,അതുവഴി ശക്തമായ തൊഴിൽ നൈതികത വളർത്തുകയും മാനസികോല്ലാസം നൽകുകയും ചെയ്യുക.. | ജനുവരി - മാർച്ച് | WE അധ്യാപിക | |

## ➢ പ്രതീക്ഷിത നേട്ടങ്ങൾ

*ശിശുസൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷംഒരുക്കുന്നു

*സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു

*മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു

*വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക്തടയിടുവാൻ കഴിയുന്നു

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി - നമ്മുടെ സ്കൂളിൽ

പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന ഒരു പദ്ധതി കേരള സർക്കാർ നടപ്പിലാക്കുന്നുണ്ട്.വിദ്യാബ്യാസ മേഖലയിൽ കാര്യമായ പുരോഗതി ഹ്രസ്വകാലം കൊണ്ട്കൈവരിക്കാൻ സാധിക്കുന്ന തരത്തിലാണ്ഇതിനായി സമഗ്രഗുണമേന്മ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ജനപങ്കാളിത്തത്തോടെ1 മുതൽ 10 വരെ ക്ലാസുകളിൽ അക്കാദമിക ഗുണനിലവാരം ഉയർത്തുകയും അതുവഴി ഗുണമേന്മ ഉറപ്പാക്കുകയും ചെയ്യുന്നതിനായി വിവിധ മേഖലകളായി തിരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്

## സ്കൂളിന്റെ ഭാഗത്ത് നിന്നുണ്ടായ പ്രവർത്തനങ്ങൾ

✔ അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക

✔ ഓരോ ക്ലാസിലും ഓരോ വിഷയത്തിലും കുട്ടി ആർജിക്കേണ്ട ശേഷികൾ നേടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക

✔ ഓരോ ആഴ്ചയിലും എസ് ആർ ജി യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തൽ

✔ അക്കാദമിക കലണ്ടറിന് അനുസൃതമായി പഠനസമയം ഉറപ്പാക്കൽ

✔ കൂടുതൽ ശ്രദ്ധ വേണ്ടുന്ന വിഷയങ്ങൾക്ക് പ്രത്യേക പദ്ധതികൾ

✔ ആറാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് മലയാളം ടൈപ്പിംഗ്,സ്ക്രാച്ച് എന്നിവയിൽ പ്രത്യേക കോച്ചിംഗ്

✔ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി നീന്തൽ, സൈക്കിൾ, യോഗ,കരാട്ടെ എന്നിവയുടെ പരിശീലനം നൽകൽ

✔ സബ്ജക്ട് മിനിമം(30%) നേടാത്തവർക്ക് അവധിക്കാലങ്ങളിൽ തുടർ പിന്തുണ നൽകൽ

✔ നിരന്തര മൂല്യനിർണയ പ്രക്രിയ

## ഉപസംഹാരം

സൗജന്യവും സമഗ്രവും സാർവ്വത്രികവുമായ വിദ്യാഭ്യാസം ഓരോ പൗരന്റെയും അവകാശമാണ്.അത് നൽകാൻ പൊതുവിദ്യാലയങ്ങൾ പ്രപ്തമാകണം.ഗുണമേന്മയുള്ള പൊതുവിദ്യാഭ്യാസം ലഭ്യമാകുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു

*******************